# ആയുർവേദം: കേരളം മാതൃകയാകണം

*ഡോ. എം. പ്രസാദ്*

മേമ്പൊടി



അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ആളുകൾ തിരിച്ചുവരാനാരംഭിച്ചതോടെ കേരളത്തിലെ കോവിഡ്-19 ചിത്രം മാറുന്നതായാണ് കാണുന്നത്. മാതൃകാപരം എന്നു വിശേപ്പിക്കാവുന്ന നീക്കങ്ങളിലൂടെയാണ് കേരളം രോഗത്തിനുമേൽ നിയന്ത്രണം നേടിയെടുത്തത്. എന്നാൽ വരുംദിവസങ്ങളിൽ ആ സ്ഥിതി മാറുമോ എന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. കടന്നുപോയ ദിവസങ്ങളിൽ സമ്പർക്കത്താൽ രോഗബാധ ഉണ്ടായവരിൽ കുറെപേരുടെയെങ്കിലും യഥാർത്ഥ സമ്പർക്കസ്രോതസ്സ് കണ്ടെത്താനായിട്ടില്ല എന്നത് സമൂഹവ്യാപനത്തിന്റെ സൂചനയായി മനസ്സിലാക്കാമെങ്കിൽ അതും ആശങ്കപ്പെടേണ്ട കാര്യമാണ്.

**ഋതുപ്പകർച്ചയും ആരോഗ്യവും**

ഇപ്പറഞ്ഞതിൽനിന്നെല്ലാം വിഭിന്നമായ, എന്നാൽ സമൂഹവ്യാപനസാധ്യതയുടെ പശ്ചാത്തലത്തിൽ സവിശേഷ പ്രാധാന്യമർഹിക്കുന്ന, ഒരു ഘടകമുണ്ട്. അത് നമ്മുടെ കാലാവസ്ഥയാണ്. വേനലിൽനിന്നും മാറി വർഷത്തിലേയ്ക്കു കടക്കുന്ന സമയം. വെയിലിന്റെ ചൂടിൽനിന്നും മാറി മഴയുടെ ഈർപ്പമുള്ള തണുപ്പ്, അന്തരീക്ഷത്തിൽ ജലകണങ്ങളുടേയും കാറ്റിന്റേയും അമിതസാന്നിദ്ധ്യം, മേഘാവൃതമായ ആകാശം, ദുർലഭമാകുന്ന സൂര്യരശ്മികൾ എന്നിവയെല്ലാമാണ് ഈ സമയത്തുണ്ടാകുന്ന മാറ്റങ്ങൾ. കുടിവെള്ളസ്രോതസ്സുകൾ മലിനമാകുക, എലി കൊതുക് തുടങ്ങിയവ പെരുകുക തുടങ്ങിയ സാധാരണങ്ങളും പ്രത്യക്ഷങ്ങളുമായ കാരണങ്ങളേക്കാൾ പരിഗണിക്കപ്പെടേണ്ടവയാണ് ഇവ. മണ്ണ്, ജലം, വായു എന്നിവയിൽ കാലം വരുത്തുന്ന മാറ്റം ഭൂമിയിലെ മറ്റെല്ലാ ജീവജാലങ്ങളിലുമെന്നപോലെ മനുഷ്യശരീരത്തിലും മാറ്റമുണ്ടാക്കുന്നു. ഈ അവസരത്തിൽ ശരീരത്തിന്റെ സ്വാഭാവിക വ്യാധിക്ഷമത വളരെ കുറഞ്ഞുപോകുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിയിലേയും ശരീരത്തിലേയും സൂക്ഷ്മാണുസഞ്ചയത്തിൽ വന്നുചേരുന്ന മാറ്റമാവാം ഇതിനുകാരണം. പോയവർഷങ്ങളിലെ കേരളത്തിന്റെ മഴക്കാലാനുഭവങ്ങൾ ഈ നിരീക്ഷണത്തെ സാധൂകരിക്കുന്നുണ്ടല്ലോ. നമ്മുടെ മഴക്കാലാരംഭത്തിലെ പകർച്ചപ്പനിയിൽ ഭൂരിഭാഗവും വൈറസ് മൂലമുള്ളവയാണെന്നത് യാദൃച്ഛികമാണെന്നു കരുതാനാവില്ല. 'ഋതുസന്ധി' എന്ന സ്വഭാവം കൈവിട്ട് നല്ല തികഞ്ഞ മഴക്കാലമാകുന്നതുവരേയ്ക്കും ഈ പ്രവണത സ്വാഭാവികമായിത്തന്നെ പ്രകൃതിയിൽ നിലനിൽക്കുന്നു. അതാ



*അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ആളുകൾ തിരിച്ചുവരാനാരംഭിച്ചതോടെ കേരളത്തിലെ കോ വിഡ്-19 ചിത്രം മാറുന്നതായാണ് കാണുന്നത്. മാതൃകാപരം എന്നു വിശേപ്പിക്കാവുന്ന നീക്കങ്ങളിലൂടെയാണ് കേരളം രോഗത്തിനുമേൽ നിയന്ത്രണം നേടിയെടുത്തത്. എന്നാൽ വരുംദിവസങ്ങളിൽ ആ സ്ഥിതി മാറുമോ എന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു.*

യത്, ഏറെക്കുറെ ജൂലൈ ആദ്യത്തെ ആഴ്ച കഴിയും വരെ. മറ്റു കാരണങ്ങളൊന്നും ഇല്ലെങ്കിൽക്കൂടിയും ഈ കാലയളവിൽ കോവിഡ് രോഗത്തിന്റെ സാമൂഹികവ്യാപനസാധ്യത കൂടുതലാണ് എന്നുകരുതണം. രോഗബാധ വളരെ പെട്ടെന്ന് അപായഘട്ടങ്ങളിലേയ്ക്ക് മുന്നേറാനും ഈ കാലാവസ്ഥ വഴിവയ്ക്കാം. പ്രത്യേകിച്ചും പ്രമേഹംപോലുള്ള ജീവിതശൈലീരോഗങ്ങളുള്ളവർ, വയോവൃദ്ധർ, അവയവസ്വീകർത്താക്കൾ തുടങ്ങിയവരിൽ. വ്യാധിക്ഷമതയിൽ സംഭവിയ്ക്കുന്ന കുറവുതന്നെയാണ് ഇതിനു കാരണം. ഇത് വെന്റിലേറ്റർ ഉൾപ്പെടെയുള്ള അടിയന്തിര ശുശ്രൂഷാസംവിധാനങ്ങളുടെ ആവശ്യം വർദ്ധിപ്പിക്കാൻ വഴിയൊരുക്കുമല്ലോ. രോഗത്തിലെ മരണനിരക്ക് ക്രമാതീതമായി ഉയരാനും ഇടവരാം. ഇത് മുൻകൂട്ടി കാണാനും പ്രതിരോധിക്കാനും സാധിക്കുന്നില്ല എങ്കിൽ അതിപ്രഹരശേഷിയുള്ള ദുരന്തമാകാം സംസ്ഥാനത്തെ കാത്തിരിക്കുന്നത്. ഇപ്പോഴത്തെ നിലയ്ക്ക് കാലാവസ്ഥയുമായി ബന്ധപ്പെടുത്തിക്കൊണ്ട് കോവിഡ് രോഗത്തിനു സംഭവിക്കാൻ സാധ്യതയുള്ള മാറ്റങ്ങളെക്കുറിച്ചോ അതിനനുസരിച്ച് നടപ്പാക്കേണ്ട പരിപാടികളെക്കുറിച്ചോ വേണ്ടത്ര ആലോചിച്ചതായി തോന്നുന്നില്ല.

**നിലവിലെ സ്ഥിതി**

ചികിത്സ എന്ന നിലയിൽ ഹൈഡ്രോക്സിക്ലോറോക്വിൻ, റിബാവറിൻ പോലുള്ള പ്രതിവൈറസ് ഔഷധങ്ങൾ ആണ് ഇപ്പോൾ പരീക്ഷിക്കുന്നത്. പ്ലാസ്മാതെറാപ്പിയും ഇന്റർഫെറോണും പരീക്ഷിക്കുന്നുണ്ട്. എന്നാൽ ഇവയിലൊന്നുപോലും നിരുപാധികമായി ഫലപ്രാപ്തി തെളിയിക്കപ്പെട്ടവയല്ല. പല കാരണങ്ങളാലും പെട്ടെന്നു പ്രശസ്തി നേടിയ ഔഷധമാണ് ഹൈഡ്രോക്സിക്ലോറോക്വിൻ. വിലക്കുറവും അനായാസമായ ലഭ്യതയുമാണ് ഈ ഔഷധത്തിന്റെ പ്രധാന ആകർഷണം. എന്നാൽ ഇതുസംബന്ധിച്ച് ഗവേഷണപ്രസിദ്ധീകരണമായ ലാൻസെറ്റ് (The Lancet) ഈയിടെ പ്രസിദ്ധീകരിച്ച പഠനവിവരങ്ങൾ അത്ര ആശാവഹമല്ലെന്നു മാത്രമല്ല ആശങ്കയുളവാക്കുന്നതുമാണ്. 671 ആശുപത്രികളിലായി 96,000 രോഗികളിൽ നടത്തിയ ബൃഹത്പഠനം കാണിക്കുന്നത് ഈ ഔഷധത്തിന്റെ ഉപയോഗം കോവിഡ്-19 രോഗികളിൽ യാതൊരു പ്രയോജനവും ഉണ്ടാക്കുന്നില്ല എന്നും, അതേ സമയത്ത് മരണനിരക്ക് 33-45 ശതമാനവും ഹൃദയതാളം തെറ്റാനുള്ള സാധ്യത 5 ഇരട്ടിയും വർദ്ധിപ്പിക്കുന്നുവെന്നുമാണ്. കാര്യങ്ങൾ അത്ര മനോഹരമല്ല എന്നു ചുരുക്കം. (ഈ പഠനം പിന്നീട് പിൻവലിച്ചു എന്നത് രസകരമായ മറ്റൊരു കാര്യം)

**ന്യൂഡൽഹി മാതൃക**

ഈ പശ്ചാത്തലത്തിലാണ് ന്യൂഡൽഹിയിലെ നജാഫ്ഗറിലുള്ള ചൗധരി ബ്രഹ്മപ്രകാശ് ആയുർവേദ ചരക് സംസ്ഥാൻ എന്ന സ്ഥാപനത്തിൽനിന്നുള്ള റിപ്പോർട്ടുകൾ പ്രതീക്ഷയാകുന്നത്. രാജ്യത്തെ ആയുർവേദമേഖലയിലെ ആദ്യത്തെ സമർപ്പിത കോവിഡ് ആരോഗ്യകേന്ദ്രം

***മഴക്കാലാരംഭത്തിലെ പകർച്ചപ്പനിയിൽ ഭൂരിഭാഗവും വൈറസ് മൂലമുള്ളവയാണെന്നത് യാദൃച്ഛികമാണെന്നു കരുതാനാവില്ല. 'ഋതുസന്ധി' എന്ന സ്വഭാവം കൈവിട്ട് നല്ല തികഞ്ഞ മഴക്കാലമാകുന്നതുവരേയ്ക്കും ഈ പ്രവണത സ്വാഭാവികമായിത്തന്നെ പ്രകൃതിയിൽ നിലനിൽക്കുന്നു. അതായത്, ഏറെക്കുറെ ജൂലൈ ആദ്യത്തെ ആഴ്ച കഴിയും വരെ. മറ്റു കാരണങ്ങളൊന്നും ഇല്ലെങ്കിൽക്കൂടിയും ഈ കാലയളവിൽ കോവിഡ് രോഗത്തിന്റെ സാമൂഹികവ്യാപനസാധ്യത കൂടുതലാണ് എന്നുകരുതണം.***

(Dedicated Covid Health Centre) അവിടെയാണ് പ്രവർത്തിക്കുന്നത്. സുരക്ഷിതമായ ആയുർവേദ ഔഷധങ്ങൾക്കൊപ്പം യോഗ-ധ്യാന-പ്രാണായാമ പരിശീലനങ്ങൾകൂടി നൽകിക്കൊണ്ട് കോവിഡ് രോഗികളെ അവിടെ ചികിത്സിച്ചുവരുന്നു. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ മാർഗനിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ഇവിടെ 201 കോവിഡ് രോഗികളെ ഇതിനകം കിടത്തിചികിത്സിച്ചു. അതിൽ 37 പേർ രോഗമുക്തരായി. 17 പേരെ രോഗത്തിന്റെ അപായഘട്ടത്തിൽ അത്യാഹിതവിഭാഗത്തിലേക്കു മാറ്റി. 100 പേർ സ്ഥിതി മെച്ചമായതോടെ വീടുകളിലെ നിരീക്ഷണത്തിലേയ്ക്ക് മാറിയിരിക്കുന്നു. ആയുർവേദചികിത്സയിൽ രോഗത്തെ എന്നപോലെ രോഗിയേയും പരിഗണിക്കുന്നു എന്നത് പ്രധാനമാണ്. അതിൽ ഔഷധനിർണ്ണയത്തിലും മറ്റും കാലാവസ്ഥ ഒരു നിർണ്ണായകഘടകമാണ്. അത്തരമൊരു കാഴ്ചപ്പാട് അത്ര സർവസാധാരണമല്ലല്ലോ. കഴിഞ്ഞ ദിവസം ഇവിടം സന്ദർശിച്ച കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി ഡോ. ഹർഷ് വർദ്ധൻ ഈ ചികിത്സാരീതിയെ ഏറെ ശ്ലാഘിച്ചാണ് മടങ്ങിയത്.

**കേരളത്തിലെ നീക്കങ്ങൾ**

കേരളത്തിൽ ഏപ്രിൽ 14-ാം തിയ്യതി 'സംസ്ഥാന ആയുർവേദ കോവിഡ് റെസ്പോൺസ് സെൽ' ഔദ്യോഗികമായി നിലവിൽ വന്നപ്പോൾ രാജ്യത്തെ അത്തരം ആദ്യനീക്കമായി അത് പ്രകീർത്തിക്കപ്പെട്ടു. എന്നാൽ അവിടുന്നങ്ങോട്ട് കാര്യങ്ങളുടെ നീക്കം അത്ര വേഗതയിലായിരുന്നു എന്നു പറയാനായില്ല. സംസ്ഥാനത്താകെ കോവിഡ് പ്രതിരോധപ്രവർത്തനം നടത്തുക എന്നതായിരുന്നു ആദ്യലക്ഷ്യം. മെയ് മാസം 15-ാം തിയ്യതി ഇറങ്ങിയ സർക്കാർ ഉത്തരവനുസരിച്ച് ക്വാറന്റൈനിലുള്ളവർക്കും ഇപ്പോൾ ആയുർവേദ ഔഷധങ്ങൾ നൽകാൻ തുടങ്ങിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ അതിനനുമതി ഉണ്ടായിരുന്നില്ല എന്നോർക്കണം. എന്നാൽ കേരളം ഇതുകൊണ്ട് തൃപ്തിപ്പെട്ടുകൂടാ എന്ന

താണ് വസ്തുത. രാജ്യത്തെ ഏറ്റവും മികച്ച ചികിത്സകരും സുരക്ഷിതമായ നൂറുക്കണക്കിനൗഷധങ്ങളും ലഭ്യമാകുന്ന ഒരു സാഹചര്യം നിലനിൽക്കുമ്പോൾ കോവിഡ് രോഗബാധിതർക്ക് ആയുർവേദചികിത്സ നൽകാൻ നാം ഇനിയും തയ്യാറായിട്ടില്ല. യഥാർഥത്തിൽ കാലാവസ്ഥ, വ്യാധിക്ഷമത, എന്നീ ഘടകങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള ആയുർവേദസമീപനം കോവിഡിനെതിരായ നീക്കത്തിൽ നമുക്കൊരു തുറുപ്പു ചീട്ടാണ്. മുൻപ് ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നിവ പടർന്നുപിടിച്ച കാലങ്ങളിൽ അവയെ ഫലപ്രദമായും സുരക്ഷിതമായും കൈകാര്യംചെയ്യാൻ ആയുർവേദത്തിനു സാധിച്ച ചരിത്രമുണ്ട്. ഇതെല്ലാം പരിഗണിച്ചാൽ രോഗബാധയുടെ ആദ്യഘട്ടം മുതൽ മധ്യമഘട്ടം വരെയുള്ള, സങ്കീർണ്ണതകളില്ലാത്ത, രോഗികളിൽ തീർച്ചയായും ആയുർവേദചികിത്സ തന്നെയാകും നല്ലത്. തീർച്ചയായും ഇതൊരു പരീക്ഷണമാണ്.

ഇക്കാര്യത്തിൽ ലോകത്തെവിടെയും നടക്കുന്നതും പരീക്ഷണമാണല്ലോ. അതിനാൽ അതിൽ അലോപ്പതി ആയുർവേദം എന്ന വേർതിരിവിന് പ്രസക്തി ഇല്ല. ഇത് വിജയകരമായാൽ തീവ്ര-അതിതീവ്രഘട്ടത്തിലേയ്ക്ക് രോഗം മുന്നേറുന്നത് തടയാനാകും. മാത്രമല്ല, ഐ.സി.യു., വെന്റിലേറ്റർ തുടങ്ങിയവയുടെ ആവശ്യം പരമാവധി ഒഴിവാക്കാനുമാകും. കേരളത്തെ സംബന്ധിച്ച് ഇതാണ് ഇപ്പോൾ നിർണ്ണായകം. രോഗനിർണ്ണയം, രോഗമുക്തി നിർണ്ണയം എന്നിവയിലെല്ലാം നിലവിലെ മാനദണ്ഡങ്ങൾ കൃത്യമായി പിൻതുടർന്നുകൊണ്ടാണ് ഇതു ചെയ്യേണ്ടത്. മാത്രമല്ല എല്ലാ നടപടികളും കൃത്യമായി രേഖപ്പെടുത്തുകയും വേണം.

ഒരു സംയോജിത മെഡിക്കൽ ബോർഡി (Integrated Medical Board) ന്റെ മേൽനോട്ടത്തിൽ അന്തിമഫലം നിഷ്പക്ഷമായി വിശകലനം ചെയ്ത് പ്രസിദ്ധപ്പെടുത്തുകയും വേണം. ഇങ്ങനെ ചെയ്താൽ ഇക്കാര്യത്തിൽ ലോകത്തിനു മുഴുവൻ തെളിവു നൽകാനും പുതിയൊരു മാതൃക സൃഷ്ടിക്കാനും കേരളത്തിനാകും. സാങ്കേതികവും നയപരവുമായ എല്ലാ പ്രതിബന്ധങ്ങളും ഒഴിവാക്കി എത്രയും പെട്ടെന്ന് ഇക്കാര്യം നടപ്പാക്കുക എന്നതാണ് ഇനി ചെയ്യേണ്ടത്.



***ചൗധരി ബ്രഹ്മപ്രകാശ് ആയുർവേദ ചരക് സംസ്ഥാൻ, ന്യൂഡെൽഹി***

***രാജ്യത്തെ ആയുർവേദമേഖലയിലെ ആദ്യത്തെ സമർപ്പിത കോവിഡ് ആരോഗ്യകേന്ദ്രം ന്യൂഡെൽഹിയിലെ ചൗധരി ബ്രഹ്മപ്രകാശ് ആയുർവേദ ചരക് സംസ്ഥാനാണ്. ആയുർവേദ ഔഷധങ്ങൾക്കൊപ്പം യോഗ-ധ്യാന-പ്രാണായാമ പരിശീലനങ്ങൾകൂടി നൽകി കോവിഡ് രോഗികളെ ഇവിടെ ചികിത്സിക്കുന്നു. 201 കോവിഡ് രോഗികളെ ഇതിനകം ചികിത്സിച്ചു.***



*കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആയുർവേദ പ്രതിരോധ നടപടികളുടെ ഭാഗമായി തൃശൂർ ജില്ലയിൽ ആയുർഷീൽഡ് – ഇമ്മ്യൂണിറ്റി ക്ലിനിക്ക് ആരംഭിക്കുന്നതിന്റെ പ്രചാരണാർത്ഥം ആയുർവേദ പ്രതിനിധികളായ ഡോ. സാജു കെ. ഭൂഷണൻ, ഡോ. ഇ.ടി. രവി മൂസ്സ്, ഡോ. ഡി. രാമനാഥൻ, അഷ്ടവൈദ്യൻ ഇ.ടി. നീലകണ്ഠൻമൂസ്സ്, കെ. ഭവദാസൻ എന്നിവർ തൃശൂർ പ്രസ്സ് ക്ലബിൽ നടത്തിയ പത്രസമ്മേളനത്തിൽ.*